# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 245

15.02.2013 ൽ - മറുപടിക്ക്

## റേഷൻ കടകളിൽ പോയിന്റ് ഓഫ് സെൽ സംവിധാനം

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീമതി. ഇ. എസ്. ബിജിമോൾ<br>ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. കെ. രാജു | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ കടകളിൽ ബയോമെട്രിക് സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത സംവിധാനത്തിൻ കീഴിൽ എന്തെല്ലാമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ; | (എ) | എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. റേഷൻകാർഡ് ഡാറ്റാ ആധാർ-മായി ലിങ്ക് ചെയ്ത് റേഷൻ കടകളിലൂടെ ബയോമെട്രിക് സംവിധാനം ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടി സ്വീകരിച്ച് വരികയാണ്. |
| (ബി) റേഷൻ കടകളിൽ പോയിന്റ് ഓഫ് സെൽ സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ ആയിട്ടുണ്ടോ; ഒരു റേഷൻ കടയിൽ ഈ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് എത്ര തുക ചെലവാകും; ഈ തുക സർക്കാരിൽ നിന്നും നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ആകെ എത്ര തുക ചെലവു പ്രതീക്ഷിക്കുന്നു; ഇതുമൂലം പൊതു വിതരണ സമ്പ്രദായത്തിലെ അഴിമതി എത്രത്തോളം തടയാനാകും ? | (ബി) & (സി) | പദ്ധതി നടപ്പാക്കുന്നത് വഴി എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല കമ്പ്യൂട്ടർവൽക്കരിക്കുകയും, റേഷൻ കടകളിൽ smart card / Biometric verification ചെയ്യുന്നതിനുള്ള POS മെഷീനുകൾ സ്ഥാപിക്കേണ്ടതുമുണ്ട്. ഇതിലൂടെ വിതരണ ശൃംഖല പൂർണ്ണമായി സുതാര്യമാകുന്നതാണ്. കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട മാനദണ്ഡപ്രകാരമുള്ള പദ്ധതി ചെലവിന്റെ 50% (തുക) കേന്ദ്ര സർക്കാർ ലഭ്യമാക്കുകയും സംസ്ഥാനത്തിന് അധികമായി ആവശ്യം വരുന്ന ചെലവുകൾ സംസ്ഥാനം തന്നെ വഹിക്കുകയും ചെയ്യേണ്ടതാണ്. മേൽ പദ്ധതി നടപ്പാക്കുന്നതിലൂടെ പൊതുവിതരണ രംഗത്തെ അഴിമതി, റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, വ്യാജ റേഷൻകാർഡുകളുടെ ഉപയോഗം എന്നിവ പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ